
## Mar Jacob Manathodath, Bishop of Palakkad

### During the Funeral Ceremonies… (Bharathamatha, Palakkad, 1 June 2021)

നാമെല്ലാവരും വളരെയേറെ കാത്തിരിക്കുകയും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്ന ബഹുമാനപ്പെട്ട ഫ്രാൻസീസ് വിനീത് വടക്കേത്തലയച്ചൻ നമ്മിൽനിന്ന് വേർപെട്ട് പോയിരിക്കുകയാണ്. അച്ചൻെറ ഈ ഭൗതികശരീര അവശിഷ്ടത്തിന് നമ്മളിന്ന് അന്തിമ അഭിവാദനങ്ങൾ അർപ്പിക്കുന്നു. അദ്ദേഹത്തിൻെറ ആത്മശാന്തിക്കായി നമ്മളിന്ന് വിശുദ്ധ കുർബാന അർപ്പിച്ചു. അദ്ദേഹത്തിനു വേണ്ടി പ്രാർത്ഥിച്ചുകൊണ്ട് നാം അദ്ദേഹത്തെ കർത്താവിൻെറ പക്കലേക്ക് യാത്രയാക്കുകയാണ്.

ഈ അവസരത്തിൽ അദ്ദേഹം നമുക്കുവേണ്ടി, സാർവ്വത്രിക സഭയ്ക്കുവേണ്ടി ചെയ്ത എല്ലാ സേവനങ്ങളെയും അഭിമാനത്തോടെയും വളരെയേറെ കൃതജ്ഞതയോടും കൂടി നമുക്കിന്ന് അനുസ്മരിക്കാം. അവയ്ക്കെല്ലാം നല്ല ദൈവം അദ്ദേഹത്തിന് പ്രതിഫലം നൽകിക്കൊണ്ട് നിത്യഭാഗ്യത്തിലേക്ക് അദ്ദേഹത്തെ പ്രവേശിപ്പിക്കട്ടെ എന്ന് ഹൃദയപൂർവ്വം നമുക്കെല്ലാവർക്കും പ്രാർത്ഥിക്കാം.

ഞാൻ വിനീതച്ചനെ ആദ്യമായിട്ട് പരിചയപ്പെട്ടത് 38 വർഷങ്ങൾക്ക് മുമ്പാണ്. എറണാകുളം അതിരൂപതയിലെ വൈദികഗണത്തിലെ ഒരു അംഗമായിരുന്ന അവസരത്തിൽ അച്ചൻ അവിടെ വൈദികർക്കുള്ള വാർഷിക ധ്യാനം നയിക്കുന്നതിനുവേണ്ടി വരികയുണ്ടായി. രണ്ട് ബാച്ച് അച്ചന്മാരുടെയും വാർഷിക ധ്യാനം അന്ന് അച്ചനാണ് നയിച്ചത്. ഞാൻ പങ്കെടുത്ത ഏറ്റവും നല്ല വാർഷിക ധ്യാനങ്ങളിൽ ഒന്നായിരുന്നു അത്. ആ വാർഷിക ധ്യാനത്തിലൂടെ നല്ല പ്രചോദനങ്ങൾ ഉൾകൊള്ളുവാൻ എനിക്കു സാധിച്ചു. അതുപോലെതന്നെ നല്ല ബോദ്ധ്യങ്ങൾ, അതുകൊണ്ടുതന്നെ നല്ല അനുഭവമുള്ള വ്യക്തിയായിട്ട് ഫ്രാൻസീസച്ചനെ കാണുവാൻ എനിക്ക് സാധിച്ചു. ആ ബോധ്യങ്ങൾക്കനുസരിച്ച് ജീവിച്ചതിൻെറ അനുഭവങ്ങൾ അദ്ദേഹം അച്ചന്മാരുമായിട്ട് പങ്കുവെച്ചു. പിന്നീടുള്ള വർഷങ്ങളിൽ ബാംഗ്ലൂരിൽ ചെല്ലുന്ന അവരസത്തിലും, ഇവിടെ ആയിരിക്കുന്ന അവസരത്തിലുമൊക്കെ ഫ്രാൻസീസ് അച്ചനെ കണ്ട് ആ പരിചയം പുതുക്കുവാനുള്ള അവസരം എനിക്ക് ലഭിച്ചിട്ടുണ്ട്. തനിക്ക് ദൈവം നൽകിയ ആയുസ്സ്, തൻെറ പൗരോഹിത്യ ജീവിതം, ഏറ്റവും ഫലപ്രദമായിട്ട് ചെലവഴിച്ചുകൊണ്ട് അദ്ദേഹം ദൈവത്തെ മഹത്വപ്പെടുത്തി. അദ്ദേഹം എല്ലായ്പ്പോഴും പ്രവർത്തന നിരതനായിരുന്നു. തിരുപട്ട സ്വീകരണവേളയിൽ വായിച്ചു കേൾക്കുന്ന സുവിശേഷഭാഗം പലപ്പോഴും ഒന്നു തന്നെയാണ്: മുന്തിരിവള്ളിയുടെയും ശാഖകളുടെയും ഉപമ.





മുന്തിരിവള്ളിക്ക് മുന്തിരിയോട് ഒട്ടിനിൽക്കാതെ, ശാഖകൾക്ക് സ്വയമേവ ഫലം പുറപ്പെടുവിക്കാൻ സാധിക്കുകയിക്കാത്തതു പോലെ നിങ്ങൾക്കും എന്നിൽ വസിക്കുന്നില്ലെങ്കിൽ സാധിക്കുകയില്ല. നിങ്ങൾ സമൃദ്ധമായി ഫലം പുറപ്പെടുവിക്കുകയും എന്റെ ശിഷ്യരായി തീരുകയും ചെയ്യുന്നതുമൂലം പിതാവ് മഹത്വപ്പെടുന്നു. വിനീതച്ചന്റെ ജീവിതത്തെപറ്റി നാം ചിന്തിക്കുമ്പോൾ, ആ ജീവിതത്തെ അവലോകനം ചെയ്യുമ്പോൾ, സമൃദ്ധമായ ഫലം പുറപ്പെടുവിച്ച ഒരു പൗരോഹിത്യ ജീവിതമായിരുന്നു അദ്ദേഹത്തിന്റേതെന്ന് നമുക്കെല്ലാവർക്കും നല്ല ബോധ്യമാണ്. ധർമ്മാരാം വിദ്യാക്ഷേത്രത്തിലും അതുപോലെതന്നെ അദ്ധ്യാപകനായിട്ടും സ്ഥാപനത്തിന്റെ പ്രസിഡന്റുമായിട്ടെല്ലാം അദ്ദേഹം സേവനമനുഷ്ഠിച്ചു. വിദ്യാവനത്തിന്റെ സ്ഥാപക ഡയറക്ടറായിരുന്നു. അദ്ദേഹം സ്ഥാപിച്ച വിദ്യാവനം ആശ്രമത്തിലും ഞാൻ പോയിട്ടുണ്ട്. വിദ്യാവനത്തിന്റെ ഓരോ ഭാഗവും എനിക്ക് പരിചയപ്പെടുത്തി തന്നത് ഞാൻ അനുസ്മരിക്കുകയാണ്.

തന്റെ പൗരോഹിത്യജീവിതം ഏറ്റവും ധന്യമായ വിധത്തിൽ ചിലവഴിച്ചുകൊണ്ട്, ഏറ്റവും മഹനീയമായ വിധത്തിൽ ചിലവഴിച്ചു കൊണ്ട് ജീവിക്കുന്ന ഒരു വ്യക്തിയെയാണ് അദ്ദേഹത്തിൽ എനിക്ക് കാണുവാൻ സാധിച്ചത്. വേലാന്താവളത്ത് നോവിഷ്യേറ്റ് ഹൗസിലും, പ്രൊവിൻഷ്യൽ ഹൗസിലും തുടർന്ന് രണ്ട് പ്രാവശ്യം അവിടെ ചെന്നപ്പോൾ അദ്ദേഹത്തെ കണ്ട് സംസാരിക്കുവാൻ സാധിച്ചു. ഓരോ പ്രാവശ്യം ചെല്ലുമ്പോഴും അദ്ദേഹം എഴുതിയ ഏതെങ്കിലും ചെറിയ പുസ്തകം എനിക്ക് തരുമായിരുന്നു. അവസാനം ചെന്നപ്പോഴും ഒരു ചെറിയ പുസ്തകം എനിക്കു തന്നു. അതായത്, തനിക്കു കിട്ടിയ സമയം ഉപകാരപ്രദമായിട്ട് അവസാനം വരെ ചിലവഴിക്കുക, എപ്പോഴും പ്രവർത്തനനിരതനായിട്ട് കഴിയുക: ഇപ്രകാരമുള്ള ഒരു ജീവിതം നയിക്കണമെന്നുള്ള ദൃഢനിശ്ചയത്തിന്റെ ഫലമായിട്ട് വിനീതച്ചന് തന്റെ ജീവിതം ഫലസമൃദ്ധമാക്കുവാൻ, അനുഗ്രഹപ്രദമാക്കി മാറ്റുവാൻ സാധിച്ചത്.

അദ്ദേഹത്തിന്റെ വ്യക്തിത്വം അദ്ദേഹത്തോട് പരിചയപ്പെടുന്ന ഏവർക്കും വളരെ എളുപ്പത്തിൽ മനസ്സിലാക്കുവാനായിട്ട് സാധിക്കും. പൗലോസ് ശ്ലീഹാ തിമോത്തിയോട് പറയുന്നുണ്ട്: നീ നിന്റെ വാക്കിലും പെരുമാറ്റത്തിലും സ്നേഹത്തിലും വിശ്വാസത്തിലും വിശുദ്ധിയിലും എല്ലാവർക്കും മാതൃകയാകണം. നമുക്കെല്ലാവർക്കും ജീവിതത്തിലെല്ലാം ഒരു നല്ല മാതൃക നൽകുന്ന വ്യക്തിയാണ് വിനീതച്ചൻ. അത് എന്നെക്കാൾ കൂടുതലായിട്ട് സാജുഅച്ചനും ബഹുമാനപ്പെട്ട അച്ചന്മാർക്കും അറിയാം. അദ്ദേഹത്തിന് ഒരു വലിയ ശിഷ്യഗണമുണ്ട്. അവരെല്ലാവരും ഈ കോവിഡിന്റെ നിയന്ത്രണമില്ലാതിരുന്നുവെങ്കിൽ ഇന്നിവിടെ വരുമായിരുന്നു എന്ന് എനിക്കറിയാം.

അത് നമുക്കെല്ലാവർക്കും ബോധ്യമായ ഒരു കാര്യമാണ്: അദ്ദേഹം ഒരു മാതൃകാവൈദികനായിരുന്നു. പെരുമാറ്റത്തിലും, വാക്കിലും, സ്നേഹത്തിലും വിശ്വാസത്തിലും, വിശുദ്ധിയിലുമെല്ലാം എല്ലാവർക്കും മാതൃകയായിരുന്ന ഒരു വ്യക്തിയായിരുന്നു വിനീതച്ചൻ. അച്ചൻ ഇത്രയും കാലം നമുക്ക് നൽകിയ മാതൃകാ ജീവിതത്തിന് നമുക്ക് നന്ദിപ്രകാശിപ്പിക്കാം. അച്ചന്റെ ജീവിതം നമുക്കെല്ലാവർക്കും മാതൃകയും പ്രചോദനവുമായിരിക്കട്ടെ. അച്ചന്റെ വേർപാടിൽ ദു:ഖിക്കുന്നവരായ എല്ലാവർക്കും, അച്ചന്റെ പ്രിയപ്പെട്ട കുടുംബാംഗങ്ങൾക്കും, ഈ സന്യാസസമൂഹത്തിലെ എല്ലാ അംഗങ്ങൾക്കും, അച്ചന്റെ പ്രിയപ്പെട്ടവരായ എല്ലാവർക്കും പാലക്കാട് രൂപതയുടെ പേരിലുള്ള ആത്മാർത്ഥമായ അനുശോചനം ഞാൻ അറിയിക്കുകയാണ്. അദ്ദേഹത്തിന്റെ ആത്മശാന്തിക്കുവേണ്ടി ഹൃദയപൂർവ്വം പ്രാർത്ഥിച്ചുകൊള്ളുന്നു.